ദേശാഭിമാനി 17 June 2023

# ന്യൂട്രാസ്യൂട്ടിക്കൽ വിപണിക്ക് മികച്ച വളർച്ച

കൊച്ചി

പ്രകൃതിദത്ത ചേരുവകൾ ഉപയോഗിച്ച് വികസിപ്പിക്കുന്ന ഭക്ഷ്യ സപ്ലിമെന്റുകളായ ന്യൂട്രാസ്യൂട്ടിക്കൽ ഉൽപ്പന്നങ്ങളുടെ വിപണിക്ക് മികച്ച വളർച്ചയെന്ന് സിഎംഎഫ്ആർഐ ശിൽപ്പശാല. കഴിഞ്ഞ 30 വർഷത്തെ അപേക്ഷിച്ച് 20 ശതമാനമാണ് ഈ മേഖലയിലെ വളർച്ച.

നൂതനമായ ഔഷധോൽപ്പാദനത്തിന് കടൽജീവജാലങ്ങളിൽനിന്ന് ഉൾപ്പെടെയുള്ള പ്രകൃതിദത്തചേരുവകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണമെന്നും ആവശ്യപ്പെട്ടു.

ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഡോ. കൃപേഷ ശർമ അധ്യക്ഷനായി. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. കാജൽ ചക്രവർത്തി സംസാരിച്ചു.